## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### കുടിശ്ശിക നിവാരണത്തിനുള്ള നടപടി

മി. സ്പീക്കർ: കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അടക്കം സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും മാസങ്ങളായി കുടിശ്ശികയാണെന്ന് പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി. സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത് തൊഴിൽ വകുപ്പിന്റെ വിഷയമാണെങ്കിലും ധനകാര്യ വകുപ്പിന്റെ പരിധിയിൽക്കൂടി വരുന്നതിനാലും തൊഴിൽ വകുപ്പുമന്ത്രി ആരോഗ്യകാരണങ്ങളാൽ

വിശ്രമത്തിലായതിനാലും പ്രസ്തുത വിഷയം സംബന്ധിച്ച് ഞാൻ പറയാം. വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ മുഖേന വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ലെന്ന ആരോപണമാണ് ഉപക്ഷേപത്തിലെ വിഷയം. പക്ഷെ അതിന് കഴിയുന്നുണ്ട്. തനതു ഫണ്ടിൽനിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ  വിതരണം ചെയ്തു വരുന്നുണ്ട്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ അനുവദിക്കുന്നില്ല. പ്രസ്തുത ബോർഡ് മറ്റു ക്ഷേമ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നത്. സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ധാരാളം ബോർഡുകൾ നിലവിലുണ്ട്. സർക്കാർ സഹായത്തോടെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ

ലിമിറ്റഡ് മുഖേന പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം), കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ സാമൂഹ്യസുരക്ഷ പെൻഷനോടൊപ്പം മറ്റു പെൻഷനുകളും സർക്കാർ മുൻകൈയെടുത്ത് വിതരണം ചെയ്യുന്നുണ്ട്. 2024 ഏപ്രിൽ മാസം മുതൽ കഴിഞ്ഞ മാസം വരെ അതത് മാസം പെൻഷൻ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ, അഞ്ചു ഗഡു പെൻഷൻ കുടിശ്ശികയുണ്ടായിരുന്നതിൽ, നിലവിൽ മൂന്നു ഗഡുക്കളാണ് നൽകാനുള്ളത്. ഇതുസംബന്ധിച്ച് റൂൾ 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. ഈ മൂന്നു ഗഡുക്കളും വരുന്ന സാമ്പത്തികവർഷം നൽകുന്നതാണ്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്

അധിവർഷാനുകൂല്യ വിതരണത്തിന് സർക്കാർതലത്തിൽ വകയിരുത്തിയ തുക ഉപയോഗിച്ചും ബോർഡിന്റെ തനതു വരുമാനമുപയോഗിച്ചും 60 വയസ്സ് കഴിഞ്ഞ, ബോർഡിൽനിന്നും പിരിഞ്ഞ കർഷക തൊഴിലാളികൾക്കുമുള്ള അധിവർഷാനുകൂല്യം വിതരണം ചെയ്തു വരുന്നുണ്ട്. വിവാഹ ധനസഹായ അപേക്ഷകൾ ബോർഡിന്റെ തനതു വരുമാനം ഉപയോഗിച്ചും പ്രസവ ധനസഹായ അപേക്ഷകൾ സർക്കാരിൽനിന്നും ലഭിക്കുന്ന തുക ഉപയോഗിച്ചും വിതരണം ചെയ്തു വരുന്നുണ്ട്. പെൻഷൻ പൂർണ്ണമായും സർക്കാരിന്റെ പ്രത്യേക ഫണ്ടിൽനിന്നുമാണ് വിതരണം ചെയ്തുവരുന്നത്. അത്തരത്തിൽ 16 ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ പെൻഷൻ നൽകുന്നുണ്ട്. Kerala Building and Other Construction Workers Welfare Board-നായി സെസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ഒക്യുപൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുമുമ്പ് സെസ് ഒടുക്കിയിരിക്കണമെന്ന് നിബന്ധനയുള്ളതിനാൽ നിലവിൽ സെസ് പിരിവിൽ കാര്യമായ വർധനയുണ്ടായിട്ടുണ്ട്. ഇപ്രകാരം സെസ് പിരിക്കുന്നത് വർധിക്കുന്ന മുറയ്ക്ക്

ബോർഡിൽനിന്നും കുടിശ്ശിക അടക്കമുള്ള ആനുകൂല്യങ്ങളെല്ലാം വിതരണം ചെയ്യുന്നതിന് സാധിക്കും. എന്നാൽ കുറച്ചുമാസക്കാലം സെസ് പിരിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടായിരുന്നു. ലേബർ വകുപ്പായിരുന്നു സെസ് പിരിച്ചിരുന്നത്. പക്ഷേ, പ്രസ്തുത വകുപ്പിന് നിർബന്ധമായും സെസ് പിരിക്കുന്നതിലുണ്ടായ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. അതിന് പ്രത്യേക സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തിട്ടുള്ളതിനാൽ നല്ലരീതിയിൽ സെസ് പിരിവ് ലഭിക്കുന്നുണ്ട്. 01-04-2024 മുതലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സെസ് പിരിക്കാൻ ആരംഭിച്ചത്. ആദ്യഘട്ടത്തിൽ മാനുവലായാണ് സെസ് പിരിച്ചിരുന്നത്. 11-09-2024 മുതൽ സെസ് പിരിക്കുന്നത് സോഫ്റ്റ്‌വെയർ മുഖാന്തരമാണ്. നിലവിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുഖേന പിരിക്കുന്ന സെസ് പൂർണ്ണമായും കെ-സ്മാർട്ട് ഓൺലൈൻ പോർട്ടൽ വഴിയാക്കിയിട്ടുണ്ട്. ഇതുവരെ 56000-ൽ അധികം അപേക്ഷകൾ ടി സ്ഥാപനങ്ങളിൽ ഓൺലൈനായി പ്രോസസ് ചെയ്യുകയും 75 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കുന്നതിനുള്ള

അപേക്ഷ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുമ്പോൾതന്നെ ഓൺലൈനായി കെട്ടിട നിർമ്മാണ ക്ഷേമനിധി സെസ് കണക്കാക്കുന്നതിനുള്ള നടപടികൾ ഐ.കെ.എം. (ഇൻഫർമേഷൻ കേരള മിഷൻ) തയ്യാറാക്കിയ പ്രത്യേക പോർട്ടലിലൂടെ തദ്ദേശസ്വംഭരണ സ്ഥാപനങ്ങൾവഴി സ്വീകരിച്ചുവരുന്നു. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒരുപോലെ ടി പോർട്ടൽ വഴിയാണ് ക്ഷേമനിധി സെസ് പിരിക്കുന്നത്. ഈ രീതിയിൽ സെസ് പിരിക്കാൻ ആരംഭിച്ചതോടുകൂടി കഴിഞ്ഞ അഞ്ചുമാസമായി പെൻഷൻ കൃത്യമായി നൽകിത്തുടങ്ങിയിട്ടുണ്ട്. ഇടക്കാലത്ത് ലേബർ ഡിപ്പാർട്ടുമെന്റിന്റെ കളക്ഷനിൽ ബുദ്ധിമുട്ടുവന്നിട്ടുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിന് ലേബർ ഡിപ്പാർട്ടുമെന്റ് അദാലത്തു നടത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്. ഏകദേശം 72 കോടിയോളം രൂപ ഒരു മാസം ചെലവഴിക്കേണ്ടുന്ന തരത്തിലുള്ള ബാധ്യതയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ആ പ്രോസ്സസ് ശരിയായിട്ടുണ്ട്.

കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമനിധി ബോർഡ് സാമൂഹ്യ സുരക്ഷ പെൻഷനോടൊപ്പം പെൻഷൻ നൽകിവരുന്നുണ്ട്. എല്ലാ തൊഴിൽ വിഭാഗങ്ങളോടും പ്രതിബദ്ധതയുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. എല്ലാ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വിവിധ തൊഴിൽ മേഖലകൾ സർക്കാർ സഹായത്തോടെയും അല്ലാതെയും നൽകിവരുന്ന ആനുകൂല്യങ്ങൾ കൃത്യമായും സമയബന്ധിതമായും നൽകുമെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ ശ്രദ്ധ ചെലുത്തുന്നുണ്ട്. അസംഘടിത മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ഓണക്കാലത്തടക്കം എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കിയിരുന്നു. പെൻഷൻ അടക്കം എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കുമെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതുതന്നെയാണ് സർക്കാരിന്റെ മുൻഗണനയും. അതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി കൃത്യമായി പെൻഷൻ നൽകുന്നുയെന്ന് പറഞ്ഞ ബോർഡുകളിൽപ്പോലും പെൻഷൻ മുടങ്ങുന്നതായി ഈ നിയമസഭയിൽതന്നെ നൽകിയിട്ടുള്ള മറുപടിയിൽ വ്യക്തമാണ്. വിവിധ

ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള കേരളത്തിലെ ജനസംഖ്യയിൽ 1/3 വരുന്ന സാധാരണക്കാരിൽ സാധാരണക്കാരായ തൊഴിലാളികളുടെ അടിസ്ഥാനപരമായ ജീവിത പ്രതിസന്ധിയുടെ പ്രമേയമാണ് ഈ ഉപക്ഷേപത്തിലൂടെ ഞങ്ങൾ അവതരിപ്പിക്കുന്നത്. മുൻകാല തൊഴിലാളിവർഗ്ഗ പാർട്ടി എന്ന് മുൻകാലങ്ങളിൽ അവകാശപ്പെട്ടിരുന്ന.... എന്നാൽ, ഇപ്പോൾ അവർ അങ്ങനെ അവകാശപ്പെടുന്നില്ല; അങ്ങനെയൊരു ആരോപണവും നമുക്കില്ല. മുൻകാല തൊഴിലാളിവർഗ്ഗ പാർട്ടിയായ സി.പി.ഐ.(എം.) നേതൃത്വം നൽകുന്ന ഒരു സർക്കാരിന്റെ ക്ഷേമനിധി വഞ്ചനയുടെ ഇരയാണവർ. കേരളത്തിലെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ളത് ഒരുകോടി തൊഴിലാളികളാണെന്ന് സർക്കാർ മനസ്സിലാക്കണം. ആയുസ്സുമുഴുവനും കല്ലും മണ്ണും ചുമന്നും ചുട്ടുപൊള്ളുന്ന വെയിലത്തും കഷ്ടപ്പെട്ട് രക്തം പച്ചവെള്ളമാക്കി ജോലി ചെയ്യുന്ന ഈ തൊഴിലാളികളിൽ ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളുമുണ്ട്. പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ വന്നിട്ടും നിയമനം ലഭിക്കാതെയും ലിസ്റ്റിന്റെ കാലാവധിയും പ്രായപരിധിയും കഴിഞ്ഞ പാവങ്ങൾ

പിന്നീട് കൂലിപ്പണിക്കു പോകുകയും ഈ ക്ഷേമനിധികളിൽ അംഗത്വമെടുക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് മനസ്സിലാക്കണം. ഒരു ആയുസ്സുമുഴുവനും ജോലി ചെയ്ത് അംശാദായം അടച്ച തൊഴിലാളികൾ പതിനഞ്ചു മുതൽ പതിനേഴ മാസം വരെ പെൻഷൻ ലഭിക്കാതെ എങ്ങനെ ജീവിക്കുമെന്ന് സർക്കാർ ചിന്തിച്ചിട്ടുണ്ടോ? ബ്രൂവറികളും ഡിസ്റ്റിലറികളുമുണ്ടാക്കാനുള്ള പരക്കം പാച്ചിലിനിടയിൽ ഈ പാവപ്പെട്ട അടിസ്ഥാന വർഗ്ഗത്തിന്റെ പ്രശ്നങ്ങൾകൂടി പരിഹരിക്കാൻ സർക്കാർ മുന്നോട്ടുവരേണ്ടതാണ്. ഇൻവെസ്റ്റർ മീറ്റുകളുടെയും കോൺക്ലേവുകളുടെയും സമ്മിറ്റുകളുടെയും പഞ്ചനക്ഷത്ര തിളക്കത്തിന്റെ പുറമ്പോക്കുകളിൽ തള്ളിക്കളയാനുള്ളതല്ല അടിസ്ഥാനവർഗ്ഗത്തിന്റെ പ്രശ്നങ്ങളെന്ന് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ അടിസ്ഥാന വർഗ്ഗമല്ലേ സർക്കാരിനെ അധികാരത്തിൽ കൊണ്ടുവന്നത്? അല്ലാതെ ഒയാസിസ് കമ്പനിയല്ലല്ലോ? തൊഴിൽ വകുപ്പിന് കീഴിലുള്ള 11 ക്ഷേമനിധി ബോർഡുകളിലായി 2011 കോടി രൂപയുടെ കുടിശ്ശികയാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഒരു കുടിശ്ശികയുമില്ലെന്നാണ് പറയുന്നത്. ഇത്

നിയമസഭയിൽ നൽകിയിട്ടുള്ള മറുപടിയിലുള്ളതാണ്. ഈ 2011 കോടി രൂപയും പാവപ്പെട്ടവന്റെ പോക്കറ്റിൽ പോകേണ്ട പണമാണ്. അഞ്ചുമാസം മുതൽ പതിനേഴുമാസംവരെ കുടിശ്ശികയായിരിക്കുകയാണ്. പാവപ്പെട്ടവർക്ക് നൽകേണ്ടതല്ലേ ഇത്? കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലാണ് ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത്. പെൻഷൻ, അംശാദായ റീഫണ്ട്, വിവാഹധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ആനുകൂല്യം, ചികിത്സാ ധനസഹായം എന്നിവയെല്ലാം കുടിശ്ശികയാണ്. പല ക്ഷേമനിധികളിലും വിവാഹ ധനസഹായത്തിന് അപേക്ഷ നൽകിയാൽ അവരുടെ മക്കളെ സ്കൂളിൽ ചേർത്താൽപോലും ലഭിക്കാതെവരുന്ന അവസ്ഥയാണ് ഇന്നുള്ളത്. തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ പത്തുവർഷമായി വിവാഹധനസഹായം ലഭിക്കുന്നില്ല. ഇത് നിങ്ങൾ പരിശോധിക്കണം. ബീഡിചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷനും കുടിശ്ശികയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മറക്കാൻ കഴിയുന്നതാണോ ബീഡി തൊഴിലാളികളെ; സഖാവ് ഒ. ഭരതനും ശ്രീ. കണ്ണനും അതുപോലുള്ള നിരവധി നേതാക്കൻമാരും ഈ തൊഴിലാളികളുടെ

ഇടയിൽ വളർന്നുവന്നവരല്ലേ? കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു ബീഡി വലിച്ചെറിയുന്ന ലാഘവത്തോടുകൂടി ബീഡി തൊഴിലാളികളെ മറക്കാൻ കഴിയുമോ? കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പെൻഷനും പെൻഷൻ വിതരണവും നടത്തിപ്പും തദ്ദേശസ്വയംഭരണ വകുപ്പാണ് നിർവ്വഹിക്കുന്നത്. എന്നാൽ അതിന്റെ വിവിധ അധിവർഷ ആനുകൂല്യം 493 പേർക്കും വിവാഹ ധനസഹായം 7832 പേർക്കും പ്രസവ ധനസഹായം 4736 പേർക്കും നൽകുന്നതിൽ കുടിശ്ശികയുണ്ട്. കേരള ഈറ്റ-കാട്ടുവള്ളി സ്ക്രാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് കുടിശ്ശികയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പെൻഷനും പ്രസവാനുകൂല്യങ്ങളും കുടിശ്ശികയാണ്. പ്രസവ ധനസഹായം മാത്രം 5,64,000,00 രൂപ കുടിശ്ശികയാണ്. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ പത്തുമാസമായി കുടിശ്ശികയാണ്. പ്രസവ ധനസഹായമുൾപ്പെടെ പത്ത് വർഷമായി കുടിശ്ശികയുണ്ട്. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 58000 ഗുണഭോക്താക്കൾക്ക് അഞ്ചുമാസമായി പെൻഷൻ കുടിശ്ശികയാണ്. കശുവണ്ടി തൊഴിലാളികൾ ധാരാളമുള്ള കൊല്ലം ജില്ലയിലല്ലേ നിങ്ങൾ പാർട്ടി സമ്മേളനം നടത്തിയത്?

നിങ്ങൾക്ക് ഒരു മനസ്സാക്ഷിക്കുത്തില്ലാതെ അവിടെ സമ്മേളനം നടത്താൻ കഴിഞ്ഞോ? കശുവണ്ടി തൊഴിലാളികളുടെ കുടിശ്ശികയെങ്കിലും കൊടുത്തിട്ടുവേണ്ടേ അവിടെ സമ്മേളനം നടത്തേണ്ടിയിരുന്നത്? പരിപ്പുവട മാറ്റി കശുവണ്ടി കൊറിക്കുന്ന സമയത്തെങ്കിലും കശുവണ്ടി തൊഴിലാളികളെയൊന്ന് ഓർക്കേണ്ടതായിരുന്നു. കൈത്തറി തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ 2024 നവംബർ മുതൽ കുടിശ്ശികയാണ്. 8489 പേർക്ക് നാല് മാസത്തെ പെൻഷൻ കുടിശ്ശികയാണ്. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് കുടിശ്ശികയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ, നാല് മാസമായി തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശികയാണ്. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഒക്ടോബർ മുതലുള്ള പെൻഷൻ കുടിശ്ശികയാണ്. അസംഘടിത മേഖലയിലെ 18000 തൊഴിലാളികൾക്ക് നവംബർ മാസം മുതൽ സാമൂഹ്യസുരക്ഷ പെൻഷൻ കുടിശ്ശികയാണ്. അതുപോലെ ക്ഷേമനിധിയിൽ ചേർന്നിട്ടുള്ള 1500 രൂപയും 2500 രൂപയും പെൻഷൻ ലഭിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് അഞ്ച് മാസമായി

കുടിശ്ശികയാണ്. അങ്കണവാടി ജീവനക്കാർ രാവിലെ കുട്ടികൾക്ക് പ്രീ-സ്കൂൾ പഠനം നടത്തണം. രാവിലെ വന്ന് അങ്കണവാടി വൃത്തിയാക്കി കുട്ടികളെ മൂന്നരമണി വരെ പഠിപ്പിക്കണം. അതിനിടയിൽ കുട്ടികൾക്കുണ്ടാകുന്ന അസുഖങ്ങൾ, അവർ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുമ്പോൾ അതെല്ലാം കഴുകി വൃത്തിയാക്കണം. യഥാർഥത്തിൽ, അങ്കണവാടിയിൽ വർക്കർമാരും ആയമാരും അമ്മമാരായിട്ടാണ് മൂന്നരമണി വരെ പ്രവർത്തിക്കുന്നത്. അതുകഴിഞ്ഞാൽ അഞ്ച് മണിവരെ അവർ അവരുടെ ഏരിയ വിസിറ്റ് നടത്തണം. മുലയൂട്ടുന്ന അമ്മമാരുടെയും ഗർഭിണികളുടെയും വിവരങ്ങൾ രജിസ്റ്റർ ചെയ്ത് അപ്‌ലോഡ് ചെയ്യണം. അവർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അവർക്കുള്ള റാ ഫുഡ് (raw food) വിതരണം ചെയ്യണം. ആറ് വയസ്സുള്ള Adolescent Girls (AG)-ന്റെ വെയ്റ്റും ഹീമോഗ്ലോബിന്റെ കുറവുണ്ടോയെന്നും മറ്റ് പരിശോധനകളും നടത്തണം. പതിനൊന്ന് രജിസ്റ്ററുകൾ മെയിന്റയിൻ ചെയ്ത് പ്രതിമാസ റിപ്പോർട്ട് നൽകണം. കിടപ്പു രോഗികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണം. പച്ചക്കറി തോട്ടം ഉണ്ടാക്കണം. ഇതിനെല്ലാം പുറമെ പഞ്ചായത്തും സർക്കാരും നടത്തുന്ന

പരിപാടികളിൽ ആളെ കൂട്ടാനും ഇവർ വന്നിരിക്കണം. എന്നിട്ട് അവരുടെ പ്രസംഗം കേട്ട് കൈയടിക്കണം. ഇക്കിളിപ്പെടുത്തിയാൽപോലും ചിരിക്കാൻ തോന്നാത്ത തമാശകൾ കേട്ട് പൊട്ടിചിരിക്കണം. അതും പോരാഞ്ഞിട്ട് സി.ഐ.റ്റി.യു.-ക്കാർ ആവശ്യപ്പെടുമ്പോൾ എ.ജി. ഓഫീസിന് മുന്നിലെത്തി ആശാവർക്കർമാരായി അഭിനയിക്കണം. മനുഷ്യചങ്ങല പിടിക്കണം. ഇതെല്ലാം ചെയ്തിട്ടും 30-ഉം 40-ഉം വർഷം ജോലി ചെയ്ത് അങ്കണവാടി വർക്കർമാർ പിരിഞ്ഞു പോകുമ്പോൾ, സാമൂഹ്യക്ഷേമ പെൻഷൻ പോലും 1,600 രൂപ കൊടുക്കുമ്പോൾ ഇവർക്ക് നൽകുന്ന പെൻഷൻ 1,500 രൂപയാണ്. അങ്കണവാടി വർക്കർമാർക്ക് 7,500 രൂപയും ഹെൽപ്പർമാർക്ക് 6,000 രൂപയും പെൻഷൻ വർധിപ്പിക്കണം. അങ്കണവാടി ജീവനക്കാർക്ക് ഓണം അലവൻസെല്ലാം കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മൂന്ന് വർഷമായി ഇവർക്ക് ഓണം അലവൻസുകൾ നൽകുന്നില്ല. അംശാദായങ്ങൾ വർധിപ്പിക്കുന്നതല്ലാതെ ആനുകൂല്യങ്ങൾ വർധിപ്പിക്കുന്നില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുള്ള വിവാഹ ആനുകൂല്യങ്ങൾ ഇപ്പോൾ പതിനായിരം രൂപയാണ്. 2013-ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്

പതിനായിരം രൂപയാക്കിയത്. പുരുഷന്മാർക്ക് 2,000 രൂപയും സ്ത്രീകൾക്ക് 3,000 രൂപയുമാണ് 2013-ൽ വിവാഹ ധനസഹായമായി നൽകിയിരുന്നത്. അത് പിന്നീട് പതിനായിരം രൂപയാക്കി മാറ്റുകയും എല്ലാ ആനുകൂല്യങ്ങളും വർധിപ്പിക്കുകയും ചെയ്തു. 12 വർഷമായിട്ടും ഈ ആനുകൂല്യങ്ങൾ വർധിപ്പിച്ചിട്ടില്ല. ആകെ വർധിപ്പിക്കുന്നത് അംശാദായം മാത്രമാണ്. കൈത്തറി തൊഴിലാളികൾക്ക് വിവാഹ ധനസഹായം വെറും 5,000 രൂപ മാത്രമാണ്. ഇതെല്ലാം കാലോചിതമായി വർധിപ്പിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. ക്ഷേമനിധി ബോർഡുകളുടെ പെൻഷനൊന്നും കൃത്യമായി കൊടുത്തില്ലെങ്കിലും ഭരണചെലവ് ക്രമാതീതമായി വർധിക്കുകയാണ്. എല്ലായിടത്തും താൽക്കാലിക ജീവനക്കാരെ കുത്തിനിറച്ചിരിക്കുകയാണ്. 17 മാസം പെൻഷൻ കുടിശ്ശികയുള്ള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 290 താൽക്കാലിക ജീവനക്കാരെയാണ് നിയമിച്ചിരിക്കുന്നത്. ആനാവൂർ റിക്രൂട്ട്മെന്റ് ബോർഡിൽനിന്ന് പിൻവാതിലിലൂടെ ആളുകളെല്ലാം ഇരച്ചുകയറുകയാണ്. അതുപോലെതന്നെ മറ്റ് അസംഘടിത ക്ഷേമനിധി ബോർഡിലും 60 ശതമാനത്തിലേറെ ആളുകൾ താൽക്കാലിക ജീവനക്കാരാണ്.

മുമ്പ് പെൻഷൻ മണി ഓർഡറായി അയച്ചുകൊണ്ടിരുന്ന സമയത്താണ് താൽക്കാലിക ജീവനക്കാരുടെ ആവശ്യമുണ്ടായിരുന്നത്. ഇപ്പോൾ ഫണ്ട് നേരിട്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ സാധിക്കുന്ന സമയത്ത് ഇങ്ങനെയുള്ള അനാവശ്യ ചെലവുകൾ അവസാനിപ്പിക്കാൻ തയ്യാറാകണം. ഈ നിയമസഭയിൽ ധാരാളം ക്ഷേമനിധി ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്. അവ പാസ്സാക്കുമ്പോൾ, കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന് വലിയ ആത്മവിശ്വാസമാണ് നൽകുന്നത്. ജോലി ചെയ്യാൻ കഴിയാത്ത കാലത്ത് ഒരു ഗ്ലാസ് ചായയ്ക്കുവേണ്ടി ആരുടേയും മുന്നിൽ കൈ നീട്ടേണ്ട അവസ്ഥയുണ്ടാക്കില്ലെന്ന ആത്മവിശ്വാസമാണ് ഈ ക്ഷേമനിധി നിയമങ്ങൾ അവർക്ക് നൽകിയിട്ടുള്ളത്. ഇന്ന് ആ ആത്മവിശ്വാസമുണ്ടോ? ഒരു ഗ്ലാസ് ചായയ്ക്കും മരുന്നിനുംവേണ്ടി 15-ഉം 17-ഉം മാസമുള്ള പെൻഷൻ കുടിശ്ശികയ്ക്ക് തൊഴിലാളികൾ കൈ നീട്ടുന്ന അവസ്ഥയിൽ നിന്നുമാണ് ഞങ്ങൾ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ക്ഷേമിനിധി ബോർഡിനെക്കുറിച്ച് ശ്രീ. എം. വിൻസെന്റ് എം.എൽ.എ.യും അദ്ദേഹത്തിന്റെ മുന്നണിയും രാഷ്ട്രീയമായി പുറത്തുപറയാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ മാത്രമാണ് ഉപക്ഷേപാവതരണത്തിലൂടെ അവതരിപ്പിച്ചത് എന്നുള്ളത് വ്യക്തമാണ്. ഇങ്ങനെയൊരു ഉപക്ഷേപത്തിന് ആധാരമായ കാര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. മൂന്ന് മാസക്കാലത്തെ കുടിശ്ശികയുണ്ടെന്ന് ഞാൻ പറഞ്ഞു. റൂൾ 300 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവന നടത്തിയപ്പോൾ എല്ലാ ക്ഷേമനിധി ബോർഡുകളിലും അഞ്ച് മാസക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നു. അതിൽ രണ്ട് മാസത്തെ കുടിശ്ശികതുകയായ ഏകദേശം 2000 കോടി രൂപ ഈ വർഷം കൊടുത്തു തീർത്തു. അടുത്ത സാമ്പത്തിക വർഷം മൂന്ന് മാസത്തെ കുടിശ്ശികയും കൂടി കൊടുത്തു തീർക്കും. മൂന്ന് മാസത്തെ കുടിശ്ശിക ഉണ്ടെന്നുള്ളത് നിയമസഭയിൽ അംഗീകരിച്ചതും കൊടുത്തു തീർക്കുമെന്നും പറഞ്ഞതാണ്. അതിൽ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്റെ ആവശ്യമുണ്ടോ? വളരെ കൃത്യമായൊരു കാര്യം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ബോർഡിന്റെ കാര്യത്തിലാണ്. അതിന് 2-3 വർഷക്കാലത്തെ കുടിശ്ശിക പിരിച്ചു വരാനുണ്ട്. ആ കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടക്കുന്നുണ്ട്. സോഫ്റ്റ്‌വെയർ ഇപ്പോൾ ഇൻട്രൊഡ്യൂസ് ചെയ്തു. വാസ്തവത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പ് അത് വാങ്ങി ലേബർ വകുപ്പിന് കൊടുക്കുകയാണ് ചെയ്യുന്നത്. അല്ലാതെ തദ്ദേശസ്വയംഭരണ വകുപ്പ് എടുക്കുന്നതല്ല. ആ തരത്തിൽ ചെയ്യുന്നതിന്റെ ഭാഗമായി ഇപ്പോൾ ഇംപ്രൂവ് ചെയ്തിട്ടുണ്ട്. അത് കൊടുത്ത് തുടങ്ങിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ ഘടനയെപ്പറ്റിയും ചട്ടങ്ങളെപ്പറ്റിയും ഞാനിവിടെ പറയുന്നില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അതിലെ അംഗത്വം, അതിന്റെ സ്കീം ലൈൻ തുടങ്ങിയ കാര്യങ്ങൾ ഭാവിയിൽ ചെയ്യാം. ഇപ്പോൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 20,23,403 അംഗങ്ങളും 3,82,696 പെൻഷൻ ഗുണഭോക്താക്കളുമുണ്ട്. കെട്ടിട നിർമ്മാണ സെസ്സുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. സോഫ്റ്റ്‌വെയർ വന്നതിനുശേഷം കളക്ഷൻ കൂടുതൽ വർധിച്ചു വന്നിട്ടുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുകയാണ്. നമ്മളെല്ലാം പരസ്പരം രാഷ്ട്രീയം പറയുന്നവരാണ്. ശ്രീ.

എം. വിൻസെന്റ് ഇതുസംബന്ധിച്ച് വസ്തുതാപരമായ കാര്യങ്ങൾ പറയുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷെ, പലപ്പോഴും അങ്ങനെയുള്ള നന്മയൊന്നും പ്രതീക്ഷിക്കാൻ കഴിയില്ല. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും കൃത്യമായി നൽകുന്ന സമയത്തുതന്നെ അവിടെ പണിമുടക്ക് നടത്തുകയും വാഹനങ്ങളുടെ എഞ്ചിനുതന്നെ പ്രശ്നം ഉണ്ടാക്കുന്നതരത്തിലേക്ക് ചില ഇടപെടലുകൾ നടത്തുകയും ചെയ്യുന്നതിനെക്കുറിച്ച് ഇടയ്ക്ക് ചർച്ച ചെയ്തിരുന്നു. ഞാൻ ആ വിഷയത്തിലേക്ക് അധികം കടക്കുന്നില്ല. അത് ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട വിഷയമല്ല. യഥാർത്ഥത്തിൽ, കെ.എസ്.ആർ.ടി.സി. പോലുള്ള മേഖലകളിൽ വലിയ തോതിലുള്ള ഇടപെടലുകൾ നടത്തി റൺ ചെയ്യിക്കുന്ന, ബജറ്റിന്റെ മൂന്നിരട്ടിയോളം തുക ഒരു വർഷം കൊടുത്ത് ചെലവഴിക്കുന്ന ഗവൺമെന്റിനെപ്പറ്റി, ആ മേഖലയിൽ പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിൽ അദ്ദേഹത്തിൽനിന്നും നല്ലൊരു അഭിപ്രായം കേട്ടിട്ടില്ലായെന്നുള്ളതുകൊണ്ട് ഞാനിത് പറഞ്ഞതാണ്. ക്ഷേമനിധി ബോർഡിന്റെ കാര്യത്തിൽ നമുക്ക് പരസ്പരം സംസാരിക്കുമ്പോൾ സത്യസന്ധത വേണമെന്നുള്ളതുകൊണ്ട് പറഞ്ഞെന്നേയുള്ളൂ. ഇവിടെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണ സെസ് പിരിക്കുന്നു. പ്രസ്തുത സെസ് എങ്ങനെയാണ് നിലവിൽ വന്നത്? പി. വി. നരസിംഹറാവു ഗവൺമെന്റിന്റെ കാലത്തല്ലേ പത്ത് ലക്ഷത്തിനു മുകളിൽ ചെലവ് വരുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് കൺസ്ട്രക്ഷൻ സെസ്സ് എന്ന നിലയിൽ രണ്ട് ശതമാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. പക്ഷേ രണ്ട് ശതമാനം ഞങ്ങൾ ഏർപ്പെടുത്തുന്നില്ല, ഒരുശതമാനമേ ഏർപ്പെടുത്തുന്നുള്ളൂ. ആ ഒരു ശതമാനം ഏർപ്പെടുത്തിയപ്പോൾ എന്ത് കോലാഹലമായിരുന്നു നിങ്ങൾ നടത്തിയത്. സാധാരണക്കാരുടെ കയ്യിൽ നിന്ന് വലിയ ഫണ്ടാണെന്നുപറഞ്ഞ് പിടിച്ചുവാങ്ങുന്നു. അങ്ങനെ വലിയ തോതിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കൊള്ളപ്പിരിവ് പോലെയുള്ള കാര്യങ്ങൾ കോൺഗ്രസിന്റെ സൈബർ വിഭാഗം നടത്തിയ കാമ്പെയ്നിൽ ഉണ്ടായി. ക്ഷേമനിധി ബോർഡിനുവേണ്ടി സെസ് പിരിക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ പറയുകയും പിന്നീട് ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന് പറയുകയും ചെയ്യുമ്പോൾ ചില പഴഞ്ചൊല്ലുകളാണ് ഓർമ്മ വരുന്നത്. ഇവിടെ എന്തൊക്കെയാണ് ഉദാഹരണമായി പറഞ്ഞത്. 'മുതലക്കണ്ണീർ ഒഴുക്കുക' എന്നുപറഞ്ഞാൽ മുതല

പിണങ്ങും. മുതലക്കണ്ണീർ എന്നു പറയുമ്പോൾ ഒരു ആത്മാർത്ഥതയും ഇല്ലാതെ ഇരയെ തിന്നുമ്പോൾ മുതലയുടെ കണ്ണിൽനിന്നും കണ്ണീർ വരുന്നു എന്നുള്ളതാണ്. അതിനേക്കാൾ കഷ്ടമായ അവസ്ഥയിലാണ് നിങ്ങൾ തൊഴിലാളികൾക്കുവേണ്ടി ഇവിടെ മുതലക്കണ്ണീർ ഒഴുക്കുന്നത്. സെസ് പിരിക്കുന്നതിന് എതിരെ പറയുകയും അതേസമയംതന്നെ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന് പറയുകയും ചെയ്യുമ്പോൾ ഒരേ സമയം വേട്ടക്കാരനൊപ്പവും വേട്ടമൃഗത്തിനൊപ്പവും നിൽക്കുന്ന നിങ്ങളുടെ രാഷ്ട്രീയം ജനങ്ങൾക്ക് മനസ്സിലാകും. ഇവിടെ ക്ഷേമപെൻഷനെ സംബന്ധിച്ച പൊതുസ്ഥിതി എന്താണ്? അതുസംബന്ധിച്ച് കുറച്ച് കാര്യങ്ങൾ ജനങ്ങൾക്കറിയാം. 2015 ജൂലൈ 2-ന് അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ അതുവരെയുള്ള പെൻഷൻ കുടിശ്ശികയെ സംബന്ധിച്ച കൃത്യമായ കണക്ക് നിയമസഭയിൽ അവതരിപ്പിച്ചു. അതിൽ 18 മാസമാണോ 16 മാസമാണോ കുടിശ്ശിക എന്ന കാര്യത്തിലൊക്കെ ഇവിടെ തർക്കമുണ്ടായി. എന്തായാലും നിയമസഭയിൽ വന്ന മറുപടി ആയിരുന്നല്ലോ വലിയ കുടിശ്ശിക ഉണ്ടായിരുന്നു എന്നുള്ളത്. ആ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തത്

പിന്നീടാണ്. അപ്പോൾ നിങ്ങൾ കുടിശ്ശികയെ സംബന്ധിച്ച് പറഞ്ഞാൽ എന്ത് ആത്മാർത്ഥയാണ് ആളുകൾക്ക് തോന്നുക? വാർദ്ധക്യകാല പെൻഷൻ 366 കോടി രൂപ, വികലാംഗ പെൻഷൻ 166 കോടി രൂപ, വിധവ പെൻഷൻ 553 കോടി, അവിവാഹിതരുടെ പെൻഷനിലുണ്ടായ കുടിശ്ശിക തുടങ്ങിയ കുടിശ്ശികകളെ സംബന്ധിച്ച കണക്കുകൾ അന്നത്തെ പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ നിയമസഭയിൽ നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. അതിന് അനുബന്ധമായ മറ്റ് രണ്ടുമൂന്ന് മറുപടികളും എന്റെ പക്കൽ ഉണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ കൃത്യമായി നൽകുന്നതോടൊപ്പംതന്നെ അവരുടെ മറ്റെല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന കാര്യത്തിൽ വളരെ കൃത്യമായ മാനദണ്ഡമുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നയങ്ങളെപ്പറ്റി എപ്പോഴും നമ്മൾ വിശദീകരിക്കുന്നതായതുകൊണ്ട് എല്ലാ ഭാഗങ്ങളും ഇവിടെ പറയേണ്ടതില്ല. കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾ കാരണം വളരെ ബുദ്ധിമുട്ടനുഭവിക്കേണ്ടിവന്ന സാഹചര്യത്തിലും ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിൽ തടസ്സമുണ്ടാകാത്ത സമീപനമാണ് സംസ്ഥാന

സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ ആദ്യമായി ക്ഷേമനിധി സമ്പ്രദായം കൊണ്ടുവരുന്ന സമയത്ത് അന്നത്തെ പ്രമുഖരായ യു.ഡി.എഫ്. നേതാക്കൾ അതുസംബന്ധിച്ച് എന്താണ് പറഞ്ഞത്? ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത് ക്ഷേമനിധി സമ്പ്രദായം നടപ്പിലാക്കുമ്പോൾ അത് പ്രൊഡക്ടീവ് അല്ലെന്നും ആളുകളെ ഇല്ലാതാക്കുമെന്നും പറഞ്ഞുകൊണ്ട് അന്നുമുതൽ യു.ഡി.എഫ്. എതിർക്കുകയായിരുന്നില്ലേ; ആ ക്ഷേമനിധിയല്ലേ പിന്നീട് വർധിച്ച് വർധിച്ച് വന്നിട്ടുള്ളത്. ക്ഷേമനിധിയെ സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതിയിൽ കുറച്ചുകൂടി ചിട്ടപ്പെടുത്തി ക്ഷേമനിധിബോർഡുകളെ ഉൾപ്പെടെ ഏകീകരിച്ച് സ്ട്രീംലൈൻ ചെയ്യപ്പെടണമെന്ന അഭിപ്രായം സർക്കാരിനുണ്ട്. കാരണം പലതിലും ഇരട്ടിപ്പുണ്ടായതിനാൽ ആധാർ ലിങ്ക് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. അപ്പോഴും എതിർപ്പ് വരികയാണ്. എങ്കിലും അത്തരം ശ്രമങ്ങൾ തുടർന്നുകൊണ്ട് ക്ഷേമനിധി കൂടുതൽ സിസ്റ്റമാറ്റിക്കായി നടപ്പിലാക്കും. ക്ഷേമനിധി പെൻഷനുകൾ സർക്കാർ കുറയ്ക്കുകയില്ല. അത് കൃത്യമായി വർധിപ്പിക്കുമെന്ന് ഞാൻ ഇവിടെ പറയുകയാണ്. 2011-16-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ക്ഷേമനിധി പെൻഷനുകൾ അഞ്ച്

വർഷം കൊണ്ട് കൊടുത്തത് ആകെ 9,011 കോടി രൂപയാണ്. 2016-21 -ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആ ക്ഷേമനിധി പെൻഷൻ 600 രൂപയായിരുന്നത് വർധിപ്പിച്ചുവെന്ന് മാത്രമല്ല പഴയകാല കുടിശ്ശികകൂടി കൊടുത്തുതീർത്തു. അങ്ങനെ ആ കുടിശ്ശികയടക്കം 35,154 കോടി രൂപ കൊടുത്ത ഒരു മുന്നണിയോടാണോ നിങ്ങൾ ഇങ്ങനെ പറയുന്നത്? അവിടെനിന്നുകൊണ്ട് മുതലക്കണ്ണീർ ഒഴുക്കുകയാണ്. ആ അഞ്ചു വർഷം കൊണ്ട് 26,143 കോടി രൂപയാണ് കേരള സർക്കാർ തൊഴിലാളികൾക്ക് ക്ഷേമനിധിക്കുവേണ്ടി അധികമായി കൊടുത്തത്. 9,000 കോടി രൂപ കൊടുത്തിടത്ത് അധികമായി കൊടുത്തതാണ് 35,000 കോടി രൂപ. അന്ന് ആ കുടിശ്ശികയും ചേർത്താണ് കൊടുത്തത്. ഈ സർക്കാർ വന്നപ്പോഴോ. കേരളത്തിൽ ഇത്രയും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്ന, വയനാട് - മുണ്ടക്കൈ - ചൂരൽമല ദുരന്തത്തിനുപോലും പണം ലഭിക്കാത്ത ഒരു സർക്കാർ ഇവിടെ ഭരിക്കുകയാണ്. ആ സർക്കാർ അധികാരത്തിലിരിക്കുന്ന സമയത്ത് ഈ ബുദ്ധിമുട്ടുകളെല്ലാമുണ്ടായിട്ടും ഇതുവരെ കൊടുത്തത് 36,212 കോടി രൂപയാണ് കുടിശ്ശികയായി കൊടുത്തത്. യു.ഡി.എഫ്. കാലത്ത് 9,000 കോടിയും ഒന്നാം

പിണറായി സർക്കാരിന്റെ കാലത്ത് 35,000 കോടിയും, ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 36,212 കോടി രൂപയും കൊടുത്തുവെന്ന് പറഞ്ഞാൽ ഇപ്പോഴത്തെ സ്ഥിതിയിൽ 5 വർഷം ആകുമ്പോൾ 55,000 കോടി രൂപ സർക്കാർ നൽകുമെന്ന് കേരളത്തിലെ സാധാരണക്കാരായ ജനങ്ങളോട് ഈ സർക്കാരിന് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. ഇല്ലാത്ത കാര്യങ്ങൾ പറയാനും കൈയ്യടി കിട്ടാനും കട്ട് ചെയ്ത് മീഡിയയിൽ കൊടുക്കാനും വേണ്ടി കുറെ കാര്യങ്ങൾ പറയുന്നതിലല്ല ഞങ്ങൾ വിശ്വസിക്കുന്നത്. കേരളത്തിൽ ഏറ്റവും എഫക്ടീവ് ആയി നടന്ന വ്യവസായ വകുപ്പിന്റെ പരിപാടികളിൽ ഒന്നാണെന്ന് കേരളത്തിൽ മാത്രമല്ല മറ്റെല്ലായിടത്തും അംഗീകരിച്ചതാണ് പഞ്ചനക്ഷത്ര ഹോട്ടലിൽ വച്ച് നടത്തിയ ഇൻവെസ്റ്റേഴ്സ് മീറ്റ്. അതിന്റെ ഭാഗമായി 1,52,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം വരുന്നുവെന്ന് പറഞ്ഞാൽ ഇവിടെ ആളുകളെ പറ്റിക്കാൻ വേണ്ടി പറഞ്ഞുവെന്ന് പറയരുത്. അത്രയും നിക്ഷേപം വരുന്നുവെന്ന് പറയുമ്പോൾ, ആധുനിക ടെക്നോളജിയും പഴയ ടെക്നോളജിയും ഉപയോഗിച്ച് എല്ലാ മേഖലയിലും അത്രയും സ്ഥാപനങ്ങൾ വരുന്നതോടൊപ്പം കേരളത്തിലെ ചെറുപ്പക്കാർക്ക് ജോലി

സാധ്യതയുമുണ്ടാകുന്നു. ഈ ഘട്ടത്തിൽ ഇൻഡ്യയിൽ തൊഴിലില്ലായ്മ കുറഞ്ഞ സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്ന് പല സ്റ്റഡി റിക്കോർഡിലുമുണ്ടല്ലോ; 'Ease of doing business' വഴിയും മറ്റു കാര്യങ്ങൾ വഴിയും ഏറ്റവും കൂടുതൽ വ്യവസായ സംരഭങ്ങൾ വന്നൊരു സംസ്ഥാനമാണ് കേരളം. അങ്ങനെ വ്യവസായ സംരംഭങ്ങൾ വന്ന കേരളത്തിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് വ്യവസായ മേഖലയിൽ മാത്രമല്ല ടൂറിസം മേഖലയിലും കൊണ്ടുവരാനും പുതിയ സാധ്യതകൾ ഉപയോഗിച്ചുള്ള സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് കാർഷിക മേഖലയിലും മറ്റെല്ലാ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ കൊണ്ടുവരാനും ശ്രമിക്കുകയാണ്. പരമ്പരാഗത തൊഴിലാളികളുടെ കാര്യം പറയുമ്പോൾ കൊല്ലത്തെ കശുവണ്ടിത്തൊഴിലാളികളുടെ കാര്യം പറഞ്ഞ് ആരും മുതലക്കണ്ണീർ ഒഴുക്കേണ്ട കാര്യമില്ല. അവിടുത്തെ കശുവണ്ടി തൊഴിലാളികൾക്ക് ചരിത്രത്തിൽ ആദ്യമായിട്ടാണ് പുനരുജ്ജീവന പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചത്. കശുവണ്ടി വ്യവസായം നടത്തിക്കൊണ്ടുപോകുന്നതിന് പ്രായോഗികമായ പ്രശ്നങ്ങൾ ഉണ്ട്. വ്യവസായികളായ ആളുകൾ ഉൾപ്പെടെ ഇപ്പോൾ കടക്കെണിയിലാകുന്ന

സാഹചര്യമുണ്ട്. അത് പരിഹരിക്കാനുള്ള പ്രത്യേക പാക്കേജ്, അതിനുള്ള പണം ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിനുള്ള കാര്യങ്ങൾ തുടങ്ങി അക്കാര്യത്തിൽ പ്രായോഗികമായ പ്രശ്നങ്ങളുണ്ട്. പരമ്പരാഗത മേഖലയായ കയറും കശുവണ്ടിയും കൈത്തറിയും ഖാദിയുമടക്കമുള്ള എല്ലാ മേഖലയിലും പ്രത്യേക സഹായം സർക്കാരിന്റെ ഭാഗമായിട്ട് വേണം. അതിന്റെ ഭാഗമായിട്ടുള്ള പണവും മാറ്റിവച്ചിട്ടുണ്ട്. പതിനാറ് ക്ഷേമനിധി ബോർഡുകളിൽ സർക്കാർ പെൻഷൻ കൊടുക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളിൽ പണം പിരിക്കുന്നുണ്ടെന്ന് പറഞ്ഞ് ഇപ്പോൾ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. ജീവിതകാലം മുഴുവൻ ചെറിയ ഒരു തുകകൊടുക്കുന്നതുകൊണ്ടുമാത്രം ക്ഷേമനിധി പെൻഷൻ കൊടുക്കാൻ സാധിക്കില്ല. ക്ഷേമനിധി ബോർഡിൽ പേരിന് ചെറിയൊരു ഫീസ് കളക്ട് ചെയ്യുന്ന എന്നല്ലാതെ അതിൽനിന്നാണോ പെൻഷൻ കൊടുക്കുന്നത്? മൂവായിരമോ നാലായിരമോ അയ്യായിരമോ രൂപ ജീവിതകാലം മുഴുവൻ ആകെയടച്ചാലും ക്ഷേമനിധി ബോർഡിന്റെ വരുമാനത്തിൽനിന്ന് മാത്രം ഒരു മാസം പെൻഷൻ 1,600 രൂപ കൊടുക്കുന്നതെങ്ങനെയാണ്? ഇവിടെ ഞങ്ങൾ ചെയ്യുന്നത് ഇൻവെസ്റ്റേഴ്സ് മീറ്റിന് വേണ്ടിയാണെന്ന് പറഞ്ഞു.

ഒയാസിസിന്റെ കാര്യം നിങ്ങൾ ഇവിടെ പറഞ്ഞത് കട്ട് ചെയ്ത് മീഡിയയിൽ ഇടാൻ വേണ്ടിയാണെന്നതിൽ ഒരു സംശയവുമില്ല. ഈ കാര്യത്തിൽ സർക്കാരിന് പറയാനുള്ളത്; ഇപ്പോൾ കേരളത്തിൽ ഇറക്കുമതി ചെയ്യുന്നതിലൂടെ അയ്യായിരത്തോളം കോടി രൂപ പുറത്തേക്ക് പോകുന്നുണ്ട്. അത് എണ്ണായിരം കോടിയോ, പതിനായിരം കോടിയോ രൂപയാകും. ആ പതിനായിരം കോടി രൂപ സർക്കാരിന് ലഭിക്കുന്നതിലൂടെ കാർഷിക മേഖലയെക്കൂടി പുനരുജ്ജീവിപ്പിക്കുകയും കൂടുതൽ സജീവമാകുകയും ചെയ്യും. എന്നാൽ ആ വരുമാനം കിട്ടുന്ന വ്യവസായങ്ങൾ കേരളത്തിന് പുറത്തേക്ക് പോകുകയാണ്. 100 രൂപയുടെ സാധനം ഇങ്ങോട്ട് വാങ്ങുമ്പോൾ 50 രൂപയുടെ ഉൽപ്പന്നം പോലും എക്സ്പോർട്ട് ചെയ്യാൻ കഴിയാത്ത രീതിയിൽ, കൺസ്യൂമർ സ്റ്റേറ്റായ ഒരു സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി സർക്കാർ കൂടുതൽ പദ്ധതികൾ നടപ്പിലാക്കും. ഇത്തരം കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ ആത്മാർത്ഥത കാണിക്കണം.

അങ്കണവാടി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെപ്പറഞ്ഞു. ബീഡിത്തൊഴിലാളികളെപ്പറ്റി സർക്കാരിന് ഓർമ്മയുണ്ടോയെന്നും ബീഡി

വലിച്ചെറിയുന്നതുപോലെ കളഞ്ഞില്ലേ എന്നും നിങ്ങൾ ചോദിച്ചില്ലേ; ബീഡി തൊഴിലാളികളെപ്പറ്റി സർക്കാരിന് നല്ല ഓർമ്മയുണ്ട്. ദിനേശ് ബീഡി പ്രസ്ഥാനം ഉണ്ടായതെങ്ങനെയാണ്? മംഗലാപുരത്തുള്ള സാധു ബീഡി അടക്കമുള്ള കമ്പനികൾ കണ്ണൂരും കാസർഗോഡുമുള്ള ബീഡി തിരിക്കുന്ന സാധാരണ തൊഴിലാളികളെ പിരിച്ചുവിടുകയും ചൂഷണം ചെയ്യുകയും ചെയ്തിരുന്ന സമയത്ത് സഖാവ് എ.കെ.ജി.-യുടെ നേതൃത്വത്തിൽ അന്നത്തെ ഇടതുപക്ഷ പ്രസ്ഥാനമുണ്ടാക്കിയ ഒരു മഹാപ്രസ്ഥാനമാണ് ദിനേശ് ബീഡി കമ്പനി. എല്ലാവരും ബീഡി വലിക്കണം എന്ന് നമുക്ക് പറയാൻ കഴിയില്ല. ബീഡിയുടെ സ്വഭാവം മാറി. അതിലും ഡൈവേഴ്സിഫിക്കേഷൻ വരികയാണ്. ആ ബീഡി തൊഴിലാളികളുടെ കാര്യം പറയുമ്പോൾ നിങ്ങൾ എങ്ങനെയാണ് സാധു ബീഡിയെ സഹായിച്ചതെന്നും അവിടുത്തെ ബീഡി വ്യവസായത്തെ ഇല്ലാതാക്കാൻ ശ്രമിച്ചതെന്നുമുള്ള പഴയ ചരിത്രം ഓർക്കേണ്ടതുണ്ട്. അതുകൊണ്ട്, പരമ്പരാഗതവ്യവസായ തൊഴിലാളികളുടെ കാര്യം പറയുന്നതിൽ നിങ്ങൾക്ക് ആത്മാർഥതയില്ല. ഇവിടെ സൂചിപ്പിച്ച അങ്കണവാടി ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെ കാര്യത്തിൽ അങ്കണവാടി

ജീവനക്കാരിൽനിന്നും കളക്ട് ചെയ്യുന്ന തുകയിൽനിന്നും അവർക്ക് പെൻഷൻ കുടിശ്ശിക കൊടുക്കാൻ തികയുകയില്ല. അതിനാവശ്യമായ പണം പ്രത്യേക ഫണ്ട് അനുവദിച്ച് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് കൊടുക്കും. ഇവിടെ സൂചിപ്പിച്ച മറ്റ് കാര്യങ്ങളെപ്പറ്റി ഞാൻ പറയുന്നില്ല. പല സാമൂഹ്യക്ഷേമ പെൻഷനുകൾക്കും 2% മാത്രമാണ് കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുന്നത്. അതിൽതന്നെ നാന്നൂറോളംകോടി രൂപ ഇപ്പോഴും കിട്ടാനുണ്ട്. ഓരോ മേഖലയിലേക്കും കേന്ദ്രത്തിൽനിന്നും കിട്ടുന്ന തുക വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ ഒരുമിച്ച് മുന്നോട്ട് പോകുന്നത് അനിവാര്യമാണ്. ഇടതുപക്ഷത്തിന് ലോക്സഭയിൽ ഒരു പരിമിതിയുണ്ട്. മുൻ പാർലമെന്ററികാര്യ വകുപ്പുമന്ത്രി മാത്രമാണ് ലോക്സഭയിൽ ഇപ്പോൾ ഞങ്ങളുടെ എം.പി.യായിട്ടുള്ളത്. കേരളത്തിൽനിന്നുള്ള ഇരുപത് പാർലമെന്റ് അംഗങ്ങളിൽ ശ്രീ. സുരേഷ് ഗോപി ഒഴികെ പതിനെട്ട്പേർ യു.ഡി.എഫ്-ൽ നിന്നും ഉള്ളവരാണ്. ഈ നിയമസഭയുടെ വികാരം പ്രകടിപ്പിക്കാൻ ഇൻഡ്യൻ പാർലമെന്റിൽ പോയ ലോക്സഭാംഗങ്ങൾ കേരളത്തിന്റെ തനതായ താത്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ചില കാര്യങ്ങൾകൂടി പറയാൻ തയ്യാറാകണമെന്ന്

ഞാൻ പറയുകയാണ്. കാരണം ഉത്തരവാദിത്വമുള്ള രാഷ്ട്രീയ നേതാക്കന്മാരാണിരിക്കുന്നത്. കോൺഗ്രസ് പാർട്ടിയുടെയും യു.ഡി.എഫ്.-ന്റെയും മഹാ ഭൂരിപക്ഷം വരുന്ന നേതാക്കൾ ലോക്സഭാംഗങ്ങളായിരിക്കുമ്പോൾ അവർ ഇക്കാര്യങ്ങൾ അവിടെ അവതരിപ്പിക്കണം. കേരളത്തിലെ ക്ഷേമനിധി പ്രശ്നം മാത്രമല്ല, ഇവിടെ നേരത്തെ നിങ്ങൾ സൂചിപ്പിച്ച ആശാ വർക്കേഴ്സിന്റെ കാര്യങ്ങളടക്കം അവതരിപ്പിക്കണം. കേരളത്തിൽ രണ്ടു പ്രാവശ്യം പ്രീ-ബജറ്റ് മീറ്റിംഗിൽ ഇക്കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളം മാത്രമല്ല കർണാടകയും തെലങ്കാനയും പഞ്ചാബും ബംഗാളുമടക്കമുള്ള സംസ്ഥാനങ്ങൾ പറഞ്ഞു. അവിടുത്തെ സ്കീം വർക്കേഴ്സിന് 12 വർഷം മുമ്പ് തീരുമാനിച്ച അലവൻസാണ് നൽകുന്നതെന്നും അത് വർധിപ്പിക്കണമെന്നും ആവശ്യപ്പെട്ടു. പാർലമെന്റിൽ ശക്തമായിട്ട് അതുന്നയിക്കാൻ കേരളത്തിൽനിന്നുള്ള അങ്ങയുടെ പാർട്ടിയുടെ ലോക്സഭാംഗങ്ങളോട് പറയണം. ഇവിടെ സാധാരണ തൊഴിലാളികളുടെ ക്ഷേമനിധിക്ക് ഒരു കുറവും വരില്ല. ഇപ്പോൾ കൊടുത്തിരിക്കുന്നത് 36,000 കോടി രൂപ ആണെങ്കിൽ 55,000 കോടിയിലേക്കെങ്കിലും അത് എത്തുമെന്ന

കാര്യം ഉറപ്പു പറഞ്ഞുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നും അതിനേക്കാളുപരി ഇക്കാര്യം നടപ്പിലാക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിലെ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് വിരമിക്കൽ പ്രായം ആയിക്കഴിഞ്ഞാൽ, ശ്രീ. എം. വിൻസെന്റ് നേരത്തെ സൂചിപ്പിച്ചപോലെ, ജീവിത സായാഹ്നത്തിൽ ഭക്ഷണം, മരുന്ന് തുടങ്ങിയ ആവശ്യങ്ങൾക്കൊന്നും ആരുടെയും മുമ്പിൽ കൈനീട്ടുന്ന അവസ്ഥ ഉണ്ടാകാതിരിക്കാനാണ് രാജ്യത്തിനുമുഴുവൻ മാതൃകയാകുന്ന തരത്തിൽ കേരളം നിരവധി ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചത്. ഞങ്ങൾ ആദ്യമായി ഈ നിയമസഭയിൽ

എത്തിയകാലത്ത് ഓരോ മേഖലയുമായും ബന്ധപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കണമെന്ന ആവശ്യം മുൻനിർത്തി അംഗങ്ങൾ സ്വകാര്യ ബില്ലുകൾ അവതരിപ്പിക്കുമായിരുന്നു. പിന്നീട് മാറിമാറി ഭരണത്തിൽവന്ന സർക്കാരുകൾ പ്രസ്തുത സ്വകാര്യ ബില്ലുകളെ ഔദ്യോഗിക ആക്റ്റുകളാക്കിമാറ്റുമായിരുന്നു. കേരളത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകളും, ഇതര മേഖലകളിലായി 15 ക്ഷേമനിധി ബോർഡുകളും നിലവിലുണ്ട്. രണ്ടുപ്രാവശ്യം മറുപടി പറഞ്ഞപ്പോഴും എത്രമാത്രം നിസ്സാരമായും ലാഘവത്തോടെയുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വിഷയത്തെ സമീപിച്ചതെന്ന് കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഞങ്ങൾ ഇക്കാര്യങ്ങളെല്ലാം പറയുന്നത് എവിടെനിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് ചോദിച്ചാൽ, കട്ട് ചെയ്തിടാൻ പറയുകയാണ്, ഈ നിയമസഭയിൽ വകുപ്പുമന്ത്രിമാർ നൽകിയ മറുപടിയല്ലാതെ മറ്റൊരു സ്റ്റാറ്റിറ്റിക്സും ഞങ്ങൾ ഉദ്ധരിക്കില്ല. ഇവിടെ ഇരിക്കുന്ന മന്ത്രിമാർ വിവിധ സമയങ്ങളിലായി ഞങ്ങൾക്ക് നൽകിയ മറുപടിയല്ലാതെ മറ്റൊരു കണക്കും എടുത്തുപറയില്ലെന്ന് ഞാൻ ഈ  സഭയ്ക്ക് ഉറപ്പുനൽകുകയാണ്. കേരളത്തിന് അഭിമാനമായി

നിൽക്കുന്നവയാണ് ക്ഷേമനിധി ബോർഡുകൾ. ഏകദേശം ഒരു കോടിയലധികം തൊഴിലാളികൾ വിവിധ ക്ഷേമനിധി ബോർഡുകളുടെ കീഴിൽ ഉണ്ട്. നിലവിലുള്ള 31 ക്ഷേമനിധി ബോർഡുകളിൽ 14-15 എണ്ണം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന കാര്യം അങ്ങ് എന്തുകൊണ്ടാണ് മറച്ചുവയ്ക്കുന്നത്? അതിൽത്തന്നെ 6-7 ക്ഷേമനിധി ബോർഡുകൾ പൂട്ടുന്നതിന് സമാനമായ അവസ്ഥയിലാണ്. പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളിലെ കുടിശ്ശികയായി ഏകദേശം 2200 കോടി രൂപയിലധികം വിവിധ ക്ഷേമനിധി ബോർഡുകളിലുണ്ടെന്ന കാര്യം ഇവിടെ നിങ്ങൾ നൽകിയ മറുപടിയിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. അങ്ങ് ഇവിടെ വായിച്ചത് അത്യാവശ്യം നല്ലരീതിയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിലെ കാര്യമാണ്, നന്നായി പ്രവർത്തിക്കുന്നവ ഇല്ലെന്ന് ഞാൻ പറയുന്നില്ല, പക്ഷേ 35-40 ലക്ഷം വരുന്ന തൊഴിലാളികളെ ബാധിക്കുന്നതരത്തിൽ ചില ക്ഷേമനിധി ബോർഡുകൾ തകരാറിലായിക്കൊണ്ടിരിക്കുന്നു, അവ പൂട്ടുന്ന അവസ്ഥയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും സംശയമുണ്ടോ; കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

ബോർഡിനെക്കുറിച്ച് പറഞ്ഞകാര്യത്തിൽ അങ്ങ് മറുപടി പറഞ്ഞില്ലല്ലോ? പ്രസ്തുത ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങളിലായി 1392 കോടി രൂപ കുടിശ്ശികയുണ്ട്, 14 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തരം കുടുംബങ്ങൾക്കുള്ള ധനസഹായം, ചികിത്സാ ധനസഹായം, അപകടമരണമാണെങ്കിൽ കുടുംബത്തിന് ലഭ്യമാകുന്ന ധനസഹായം എന്നിവ ഉൾപ്പെടെ നിരവധി സഹായ പദ്ധതികളിൽ പണം നൽകിയിട്ട് പതിനാല് മാസങ്ങളിലധികമായി. ക്ഷേമനിധി പെൻഷൻ പോലും ലഭ്യമാകുന്നില്ല. അവർ ജീവിക്കുന്നത് എങ്ങനെയാണ്; എത്ര ലക്ഷം തൊഴിലാളികളാണുള്ളത്? കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 14 ലക്ഷം അംഗങ്ങളുണ്ട്. അതിൽത്തന്നെ 5 ലക്ഷം ആളുകളുടെ അപേക്ഷകൾ തീർപ്പാകാതെ കെട്ടിക്കിടക്കുകയാണ്. ആ അപേക്ഷകൾക്ക് മറുപടി നൽകുന്നില്ല, അവർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നില്ല, പണം നൽകുന്നില്ല. ഇത്തരം ഒരവസ്ഥയിലും ഈ വിഷയം സഭയിൽ കൊണ്ടുവന്നതിന് സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രി ഞങ്ങളെ കുറ്റപ്പെടുത്തുകയാണ്. കർഷകത്തൊഴിലാളി

ക്ഷേമനിധി ബോർഡിൽ കുടിശ്ശിക 493 കോടി രൂപയാണ്. പാടശേഖരങ്ങളിൽ പണിയെടുത്തുതളർന്ന ഈ പാവപ്പെട്ടവരുടെ 3 ലക്ഷത്തിലധികം അപേക്ഷകൾ പണം അനുവദിക്കാതെ കെട്ടിക്കിടക്കുകയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 60 വയസ്സ് കഴിഞ്ഞവർക്ക് അവർ അടച്ച അംശദായം പോലും 6 വർഷമായി തിരികെ നൽകിയിട്ടില്ല. ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ 32 കോടി രൂപയേയുള്ളൂ, 500 കോടി രൂപ ബാധ്യതയായി നിലനിൽക്കുകയാണ്. ഈറ്റ- കാട്ടുവള്ളി- തഴ തൊഴിലാളികൾക്ക് ബാക്കി നൽകാനായി വലിയ രീതിയിലുള്ള കുടിശ്ശികയുണ്ട്. തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് പ്രസവ ധനസഹായം എത്രയോ വർഷമായി കുടിശ്ശികയാണ്, പ്രസ്തുത ക്ഷേമനിധി അംഗങ്ങൾക്ക് മൂന്ന് മാസമായി പെൻഷനും നൽകുന്നില്ല. നമ്മുടെ സെക്രട്ടേറിയറ്റ് നടയിൽ വന്നുകൊണ്ട് അവർ എത്രയോ പ്രാവശ്യം സമരം ചെയ്തുകഴിഞ്ഞു. കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 28 കോടി രൂപയുടെ ബാധ്യതയുണ്ട്. 2025 കാലയളവ് വരെ ആയിരക്കണക്കിന് ഗുണഭോക്താക്കൾക്ക് ബോർഡിൽനിന്നും പണം ലഭ്യമാകാനുണ്ട്,

അതിനാവശ്യമായ തുക ബോർഡിന്റെ കൈവശമില്ല. അത്തരത്തിൽ കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡും അപകടത്തിലേക്ക് നീങ്ങുകയാണ്. കൈത്തറി തൊഴിലാളികൾക്ക് മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശികയാണ്. ഇതുപോലെ ഒട്ടുമിക്ക ബോർഡുകളിലും നിരവധിയായ ആനുകൂല്യങ്ങൾ കുടിശ്ശികയായിരിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രിക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെകൂടി ചുമതലയുണ്ട്, 2023 വരെ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് 4 മാസത്തെ പെൻഷനും 2024-ൽ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് 10 മാസത്തെ പെൻഷനും കുടിശ്ശികയാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ ഈ പറയുന്നത് വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് നൽകിയ മറുപടിയാണ്. അതായത് 2024 വർഷംമുതൽ ഇതുവരെ റിട്ടയർചെയ്ത അങ്കണവാടി ജീവനക്കാരിൽ ഒരാൾക്കും അഞ്ച് നയാപൈസപോലും നിങ്ങൾ നൽകിയിട്ടില്ലെന്നാണ് സൂചിപ്പിച്ചത്. ഇക്കാര്യങ്ങൾക്കൊന്നും മന്ത്രി മറുപടി പറയാതെ പോകുകയാണ്. കശുവണ്ടിത്തൊഴിലാളികൾക്ക് മൂന്ന് വർഷമായി ഗ്രാറ്റുവിറ്റി ലഭിക്കുന്നില്ല, അവരെല്ലാം അങ്ങയുടെ ജില്ലയിലെ ആളുകളാണ്.

ഖാദി തൊഴിലാളി ക്ഷേമനിധിയിൽനിന്നും 2021-22 വർഷം മുതൽ നാളിതുവരെ ഓരോ വർഷവും നൽകിയിട്ടുള്ളത് 1000/- രൂപ മാത്രമാണ്. 14.61 കോടി രൂപ ഈയിനത്തിൽ സർക്കാർ കുടിശ്ശികയായി നൽകാനുണ്ട്.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ധനാഭ്യർത്ഥനകളെ സംബന്ധിച്ചാണ്. ധനാഭ്യർത്ഥനകളുടെ ലിസ്റ്റ് പരിശോധിച്ചാൽ, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശീർഷകത്തിൽ ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ സർക്കാരിൽനിന്നും തുക ലഭ്യമാക്കിയില്ല, 2024-25 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുപോലുമില്ല. ബജറ്റ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചതാണ്, ക്ഷേമനിധി ബോർഡിൽനിന്നും തുക കൊടുക്കുന്നവെന്നാണ് സർക്കാർ പറയുന്നത്! നിരവധി ക്ഷേമനിധി ബോർഡുകൾ, ഏകദേശം 14-15 എണ്ണം, അതായത് പകുതിയോളം എണ്ണമെങ്കിലും അപകടാവസ്ഥയിലാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു. മറ്റൊരു പ്രശ്നംകൂടി എടുത്തുപറയേണ്ടതുണ്ട്, ഒറ്റ

പെൻഷൻ എന്ന നിലപാടിലേക്ക് നിങ്ങൾ മാറിക്കഴിഞ്ഞപ്പോൾ ക്ഷേമനിധി പെൻഷൻകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കില്ലെന്ന അവസ്ഥവന്നു. പെൻഷൻ അപേക്ഷകൾ ഇപ്പോൾ ഓൺലൈനാണ്. ഒരാൾ ക്ഷേമനിധി പെൻഷനുവേണ്ടി ഓൺലൈനായി അപേക്ഷ നൽകിയ ഉടനെതന്നെ സാമൂഹ്യസുരക്ഷാ പെൻഷൻ കട്ടാവും. സാധാരണഗതിയിൽ ജോലിചെയ്യാൻ കഴിയാതെ വിരമിച്ച് വീട്ടിലിരിക്കുന്ന ഒരാൾക്ക് ചുരുക്കത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷനായ വാർദ്ധക്യകാല പെൻഷനും ക്ഷേമനിധി പെൻഷനും ലഭിക്കില്ലെന്ന അവസ്ഥയാണുള്ളത്. ഒരു പെൻഷനും കിട്ടാത്ത സ്ഥിതി ഒന്ന് ആലോചിച്ചുനോക്കൂ. പാടശേഖരങ്ങളിൽ പണിയെടുത്ത കർഷകത്തൊഴിലാളികൾ, പാവപ്പെട്ട സ്ത്രീകൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ ഇവർ ഉൾപ്പെടെ കൊടുംചൂടിൽ ജോലിചെയ്യുവർ ജോലി ചെയ്യാൻ സാധിക്കാതെ ജോലിയിൽനിന്നും വിരമിച്ച് നിൽക്കുമ്പോൾ പെൻഷൻ സഹായവും ലഭിക്കുന്നില്ല. ഇതുപോലെതന്നെയാണ് ബീഡി തൊഴിലാളികളുടെ കാര്യവും, അവർക്കും പെൻഷൻ ലഭിക്കുന്നില്ല. നിരവധി ക്ഷേമനിധി ബോർഡുകൾ ഇത്തരം അവസ്ഥയിലാണ്, അഞ്ച്-ആറ് എണ്ണം

അടച്ചുപൂട്ടുന്നതിന്റെ വക്കിലെത്തിക്കഴിഞ്ഞു. ഇവിടെ 'ഒയാസിസ്' തുടങ്ങിയ കാര്യങ്ങളെല്ലാം പറഞ്ഞല്ലോ, ഞാൻ അക്കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. എന്താണ് നിങ്ങളുടെ priority? ഞങ്ങൾ എപ്പോഴും ചോദിക്കില്ലേ.. നിങ്ങൾ ഒരു തൊഴിലാളിവർഗ്ഗപാർട്ടി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റാണെന്നാണ് അവകാശപ്പെടുന്നത്. അതാണ് ഞങ്ങളുടെ ചോദ്യം. നിങ്ങളുടെ മുൻഗണന എന്താണ്? ക്ഷേമനിധി ബോർഡുകളിലെ 35 ലക്ഷത്തോളം വരുന്ന പാവപ്പെട്ട തൊഴിലാളികൾ അംശദായം അടച്ച അവരുടെ തുകപോലും തിരിച്ചുനൽകാനാകാത്ത സ്ഥിതിയിലാണ് മുന്നോട്ടുപോകുന്നത്. ഇതാണോ നിങ്ങളുടെ മുൻഗണന? ഇതിന്റെയെല്ലാം അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കോടികളാണ്. അത് വർധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 9 വർഷമായി ഈ ഗവൺമെന്റ് അധികാരത്തിലിരിക്കുകയാണ്. ക്ഷേമനിധി ബോർഡുകളെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. അതിന്റെ കോസ്റ്റ് ധാരാളമായി കൂടുകയാണ്. എന്തിനാണ് ഇത്രയും വെള്ളാനകൾ? നാലോ അഞ്ചോ സമാന സ്വഭാവമുള്ള ബോർഡുകൾ കൺസോളിഡേറ്റ് ചെയ്ത് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് കുറയ്ക്കാൻ സാധിക്കില്ലേ? ടോട്ടൽ കോർപ്പസിന്റെ 5

ശതമാനത്തിൽ കൂടുതൽ എക്സ്പെൻസ് വരാൻ പാടില്ലെന്നാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. എത്ര ജീവനക്കാരാണ്; എത്ര പിൻവാതിൽ നിയമനങ്ങളാണ്? സാധാരണക്കാരനെ ബാധിക്കുന്ന, ഒരു അപകടമരണമുണ്ടായാൽ ഒരു രൂപപോലും നൽകാൻ സാധിക്കാത്ത സ്ഥിതിയിൽ നിൽക്കുമ്പോൾ അതിന്മേലൊരു റിവ്യൂ നടത്തി രക്ഷപ്പെടുത്താൻവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല ഒരു ആക്ഷനുമില്ലാതെ നിസ്സംഗതയോടെയിരിക്കുകയാണ്. നിങ്ങൾക്ക് ഒരു മുൻഗണനയില്ല. കേരളത്തിലെ 35-40 ലക്ഷത്തോളം തൊഴിലാളികളെയും ബോർഡിൽ അംഗങ്ങളായിരിക്കുന്നവരെയും റിട്ടയർ ചെയ്തവരെയും ഒരുപോലെ കാണേണ്ടതുണ്ട്. റിട്ടയർ ചെയ്തവർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളുമുണ്ട്. ജോലി ചെയ്യുന്നവർക്കും അംഗങ്ങളായിരിക്കുന്നവർക്കും പ്രസവാനുകൂല്യവും വിദ്യാഭ്യാസ സഹായവും വിവാഹാനുകൂല്യവുമുൾപ്പെടെയുള്ള ധാരാളം സഹായങ്ങളുണ്ട്. കേരളത്തിൽ 35-40 ലക്ഷത്തോളം വരുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് അത് ലഭ്യമാകുന്നില്ലെന്നാണ് ഈ സർക്കാരിന്റെ മുഖത്തുനോക്കി പ്രതിപക്ഷം പറയുന്നത്. ഇക്കാര്യത്തിൽ വളരെ

ലാഘവത്തോടും പുച്ഛത്തോടുംകൂടിയുള്ള ധനകാര്യമന്ത്രിയുടെ മറുപടിയിൽ അതിശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, സഭ ചർച്ച ചെയ്യേണ്ട പ്രധാനപ്പെട്ട വിഷയമാണ് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിലൂടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. വിവിധ ക്ഷേമനിധികളിൽ അംഗത്വമെടുത്ത ആളുകൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല എന്നത് ഈ ഫ്ലോറിൽത്തന്നെ മന്ത്രിമാർ നൽകിയ മറുപടി വച്ചാണ് നമ്മൾ പറയുന്നത്. പക്ഷേ അതിലൊന്നും യാതൊരുവിധ നടപടിയുണ്ടാകുന്നില്ലെന്ന് മാത്രമല്ല, ഇന്നത്തെ ഉപക്ഷേപത്തിനുള്ള മറുപടിയിൽപോലും ബഹു. ധനകാര്യമന്ത്രി വിവിധ ക്ഷേമനിധി ബോർഡുകളിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് വ്യക്തമായ ഉറപ്പുപോലും സഭയിൽ നൽകുന്നില്ല. അതിനുപുറമേ മറ്റ് കാര്യങ്ങൾ

സൂചിപ്പിക്കുകയാണ്. പാർലമെന്റിൽ ഞങ്ങൾ അംഗങ്ങൾ ഇതുസംബന്ധിച്ചൊന്നും പറഞ്ഞില്ലെന്നാണ് ഇവിടെ സൂചിപ്പിച്ചത്. സംസ്ഥാനത്ത് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് ലീഗിന്റെ അംഗങ്ങൾ അതിശക്തമായ നിലപാട് പാർലമെന്റിൽ സ്വീകരിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അങ്ങ് ഇത് ശ്രദ്ധിക്കണം. കഴിഞ്ഞ രാജ്യസഭാ സമ്മേളനത്തിൽ ശ്രീ. ഹാരിസ് ബീരാൻ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെതിരായി വയനാട്ടിലെ സംഭവങ്ങൾക്ക് പണം കിട്ടാത്തതിനെതിരായി സംസ്ഥാന ഗവൺമെന്റിനെ അവഗണിക്കുന്നത് സംബന്ധിച്ച് ശക്തമായി പറഞ്ഞത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്ഥാന ഗവൺമെന്റിനോടുള്ള അവഗണനയ്ക്കെതിരായി ചെയ്യാവുന്ന കാര്യം ഞങ്ങൾ ചെയ്യുന്നുണ്ട്, സഹകരിക്കുന്നുമുണ്ട്. പക്ഷേ ഇവിടെ പറഞ്ഞതുപോലെ ഇതുപോലുള്ള ഗൗരവമായ പ്രശ്നത്തിൽ അനുഭാവപൂർവമായ നിലപാട് സ്വീകരിക്കണം. ഇവിടെ ചില കാര്യങ്ങൾക്ക് മാത്രമാണ് മന്ത്രി മറുപടി പറഞ്ഞത്. യഥാസമയം

ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ നൽകുന്നതുസംബന്ധിച്ച് പ്രത്യേക താൽപര്യമെടുക്കാത്തതിനാൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ വിഷയം ഗൗരവത്തോടെ എടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും മാസങ്ങളായി കുടിശ്ശികയാണ്. അതുകൊണ്ടാണ് ഈ വിഷയം നിയമസഭയിൽ അടിയന്തരപ്രമേയമായി യു.ഡി.എഫ്. ഉന്നയിച്ചത്. ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ടത്, 11 ക്ഷേമനിധി ബോർഡുകളിൽ മാത്രമായി 2011 കോടി രൂപയാണ് വിവിധ തൊഴിലാളികൾക്ക് ലഭിക്കാനുള്ളത്. ഇത്തരത്തിലുള്ള കുടിശ്ശിക കാരണം തയ്യൽ തൊഴിലാളികളുടെയും കെട്ടിടനിർമ്മാണതൊഴിലാളികളുടെയും ജീവിതം വഴിമുട്ടിനിൽക്കുന്ന സാഹചര്യം നിലകൊള്ളുകയാണ്. നിലവിൽ ആശാവർക്കർമാർ നടത്തുന്ന സമരത്തിൽ ഗവൺമെന്റ് മുഖം

തിരിച്ചുനിൽക്കുകയാണ്. ഒരു തുറന്ന ചർച്ചയിലൂടെ ആ വിഷയത്തിലേയ്ക്ക് കടക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: അതെല്ലാം ഇവിടെ ചർച്ച ചെയ്തതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ജീവിതസാഹചര്യം സംബന്ധിച്ച് അനുഭാവപൂർവമായ സമീപനം സ്വീകരിക്കണം. നിലവിൽ വർക്കർമാർക്ക് 13000 രൂപയും ഹെൽപ്പർമാർക്ക് 9000 രൂപയുമാണ് ലഭിക്കുന്നത്. സ്വാഭാവികമായും മാറി വന്നിരിക്കുന്ന ജീവിതസാഹചര്യങ്ങൾക്കനുസൃതമായ വർധനവ് ഈ മേഖലകളിലൊരുക്കാൻ കഴിയണം. അങ്കണവാടി ജീവനക്കാർക്ക് മൂന്നുവർഷമായി ഗവൺമെന്റ് ഓണം അലവൻസ് നൽകുന്നില്ല. ഇവിടെ പ്രതിപാദിച്ചതുപോലെ 2023-24 കാലയളവിൽ വിരമിച്ചവർക്ക് പത്തുമാസ കുടിശ്ശിക നിലനിൽക്കുകയാണ്. സാധാരണജനങ്ങളെ ബാധിക്കുന്ന പ്രധാന വിഷയമെന്ന നിലയിൽ ക്ഷേമനിധി ബോർഡുകളിലുള്ളവർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, വിവിധ ക്ഷേമനിധി ബോർഡുകളിൽ വലിയ തുകയാണ് കുടിശ്ശികയായിട്ടുള്ളത്. വളരെ ഗൗരവമായ വിഷയം വലിയ ലാഘവത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്തിരിക്കുന്നത്. കുടിശ്ശിക മുഖമുദ്രയാക്കിയിരിക്കുന്ന ഒരു സർക്കാരാണെന്ന് പറയേണ്ടി വരികയാണ്. അവനവൻ അധ്വാനിക്കുന്ന തുകയിൽനിന്നും ഒരു ചെറിയ സംഖ്യയാണ് ക്ഷേമനിധിയിലേയ്ക്ക് നൽകുന്നത്. അതാണ് ഇപ്പോൾ കുടിശ്ശികയാക്കിയിരിക്കുന്നത്. ഈ കുടിശ്ശിക സമയബന്ധിതമായി നൽകേണ്ടതുണ്ട്. നിർമ്മാണ തൊഴിലാളിയുടെ 18 മാസത്തെ കുടിശ്ശികയാണ് നൽകാൻ ബാക്കിയുള്ളത്. ഇത്തരം കുടിശ്ശികകൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം. ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)